**കേരള സർക്കാർ**

നമ്പർ. 36511/ആർ.ഡി.3/13/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

തിരുവനന്തപുരം, തീയതി: 05.08.2013

## സർക്കുലർ

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - മുപ്പതു ദിവസങ്ങൾക്കു ശേഷവും ഒരു വർഷത്തിനുള്ളിലും ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന:- 1. പാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03-04-2013-ലെ എ-1353/13 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 30-05-2013 ലെ ബി2-11848/13 നമ്പർ കത്ത്.

1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13 (2) പ്രകാരം ജനനമോ മരണമോ നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് രജിസ്ട്രാർ മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ജില്ലാ രജിസ്ട്രാറുടെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയ്ക്കായി സമർപ്പിക്കുകയും എന്നാൽ ജില്ലാ രജിസ്ട്രാർ ആഫീസിൽ നിന്നുള്ള അനുമതി രജിസ്ട്രേഷൻ യൂണിറ്റിൽ ലഭിക്കുന്നത് ഒരു വർഷം കഴിയുന്ന തീയതിയ്ക്ക് ശേഷമാകുമ്പോൾ സെക്ഷൻ 13 (3) പ്രകാരം ഇത് രജിസ്റ്റർ ചെയ്യുന്നതിന് ആർ. ഡി. ഒ യുടെ അനുമതി ആവശ്യമാണെന്ന അവസ്ഥയുണ്ടാകുന്നു. ഇത്തരം സാഹചര്യങ്ങൾ മൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ ജില്ലാ രജിസ്ട്രാറുടെ അനുമതി (മരണം നടന്ന് ഒരു വർഷത്തിനു ശേഷവും) പരിഗണിച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. മുപ്പത് ദിവസത്തിന് ശേഷവും ഒരു വർഷത്തിനുള്ളിലും ലഭിക്കുന്ന ജനന/മരണ രജിസ്ട്രേഷനുള്ള അപേക്ഷകളിന്മേൽ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 13 (2) പ്രകാരം ജനനമോ മരണമോ നടന്ന് ഒരു വർഷം പൂർത്തിയാകുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് രിജസ്ട്രാർ മുമ്പാകെ റിപ്പോർട്ട് ലഭിക്കുന്ന സംഗതികളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതിയ്ക്കായി സമർപ്പിക്കുകയും എന്നാൽ ജില്ലാ രജിസ്ട്രാർ ആഫീസിൽ നിന്നുള്ള അനുമതി രജിസ്ട്രേഷൻ യൂണിറ്റിൽ ലഭിക്കുന്നത് ഒരു വർഷം കഴിയുന്ന തീയതിയ്ക്ക് ശേഷമാകുമ്പോൾ സെക്ഷൻ 13 (3) പ്രകാരം ഇതു രജിസ്റ്റർ ചെയ്യുന്നതിന് ആർ. ഡി. ഒ യുടെ അനുമതി തേടണമെന്ന് അപേക്ഷകരോട് ആവശ്യപ്പെടുന്നത് യുക്തിസഹമല്ല. ഇത്തരം സാഹചര്യങ്ങളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി പരിഗണിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

3. ഇത്തരം അപേക്ഷകളിൽ കാലതാമസം കൂടാതെ നിശ്ചിത ദിവസത്തിനകം തന്നെ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(ജെയിംസ് വർഗീസ്)

പ്രിൻസിപ്പൽ സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
5. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
6. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
7. പൊതുജന വിവരസമ്പർക്ക വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ